ഉത്തരം

(എ) അംഗീകൃത ഹരിജൻ കോളനികൾ ഇല്ല.

(ബി, സി, ഡി) ചോദ്യം ഉദിക്കുന്നില്ല.

വടവൂർ പഞ്ചായത്തിലെ ഹരിജൻ കോളനികൾ

93 [111] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിളിമാനൂർ അസംബ്ലി നിയോജകമണ്ഡലത്തിൽ വടവൂർ പഞ്ചായത്തിൽ എത്ര ഹരിജൻ കോളനികൾ അംഗീകരിച്ചിട്ടുണ്ടെന്നും അവ ഏതെല്ലാമാണെന്നും അവിടങ്ങളിലെ ഹരിജനങ്ങൾ എത്രയാണെന്നും വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത കോളനിനിവാസികളുടെ ക്ഷേമത്തിനുവേണ്ടി ഗവൺമെന്റ് ഇതിനാലകം എന്തെങ്കിലും ക്ഷേമപദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അവ ഏതെല്ലാം ആണെന്നും എന്തു തുക ചെലവാക്കിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത പദ്ധതികളുടെ പ്രയോജനങ്ങൾ ഏതെല്ലാം വിധത്തിൽ എത്രപേർക്ക് ഉണ്ടായിട്ടുണ്ടെന്നു വ്യക്തമാക്കാമോ ;

(ഇ) ഈ വർഷത്തേക്കുവേണ്ടി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്നും ആയതിലേക്കുവേണ്ടി എന്തു തുക വകയിരുത്തിയിട്ടുണ്ടെന്നും ആയതിന്റെ പ്രയോജനം എത്രപേർക്ക് ഏതെല്ലാം വിധത്തിൽ ഉണ്ടാകുമെന്നും വ്യക്തമാക്കാമോ ;

ഉത്തരം

(എ) അംഗീകൃത ഹരിജൻ കോളനികൾ ഇല്ല.

(ബി, സി, ഡി, ഇ) ചോദ്യം ഉദിക്കുന്നില്ല

നഗരൂർ പഞ്ചായത്തിലെ ഹരിജൻ കോളനികൾ

94. [112] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിളിമാനൂർ മണ്ഡലത്തിൽ നഗരൂർ പഞ്ചായത്തിൽ എത്ര ഹരിജൻ കോളനികൾ അംഗീകരിച്ചിട്ടുണ്ടെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത കോളനിനിവാസികളുടെ ക്ഷേമത്തിനുവേണ്ടി ഗവൺമെന്റ് ഇതിനാലകം എന്തെങ്കിലും ക്ഷേമപദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അവ ഏതെല്ലാമാണെന്നും ആയതിലേക്കുവേണ്ടി ഇതിനാലകം എന്തു തുക ചെലവാക്കിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത പദ്ധതികൾ എത്രപേർക്കു പ്രയോജനപ്പെട്ടിട്ടുണ്ടെന്നു വ്യക്തമാക്കാമോ ;

(ഇ) ഈ വർഷത്തേക്കുവേണ്ടി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്നും ആയതിലേക്ക് എന്തു തുക വകയിരുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) നഗരൂർ പഞ്ചായത്തിൽ അംഗീകൃത ഹരിജൻ കോളനികൾ ഇല്ല

(ബി, സി ഡി, ഇ) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly